(൬) സർദാർ ബഹദൂർ ശ്രീ. ഡട്ടാർസിങ്, അഡീഷണൽ സെക്രട്ടറി ടു ഗവണ്മെണ്ട്, മിനിസ്ട്രി ഓഫ് ആഗ്രികൾച്ചർ, ഗവണ്മെണ്ട് ഓഫ് ഇൻഡ്യാ.

(൭) ഓണറബിൾ ശ്രീ. ജയറാംദാസ് ഡൗളത്തുറാം, മിനിസ്റ്റർ ഫോർ ഫുഡ് ആൻഡ് ആഗ്രികൾച്ചർ, ഗവണ്മെണ്ട് ഓഫ് ഇൻഡ്യാ.

(൮) മിസ്സസ്. കെ. പി. ആർ. മേനോൻ.

(൯) ഡോക്ടർ ഇഗ്നാറിഷും മി. എഡ്വേർഡ് ക്ഷിമും, ഫെട്ടിലൈസർ എക്സ്പേർട്ട്സ്.

(൧൦) ഓണറബിൾ ശ്രീ. ചന്ദ്രമൌലി, മിനിസ്റ്റർ, ഗവണ്മെണ്ട് ഓഫ് മദ്രാസ്.

(൧൧) ശ്രീ. ആർ കെ. പട്ടീൽ, ഡെപ്യൂട്ടി പ്രൊഡക്ഷൻ കമ്മീഷണർ, ഗവണ്മെണ്ട് ഓഫ് ഇൻഡ്യാ.

എറണാകുളം ഗവണ്മെണ്ട് പ്രസ്സ്

*൨൪൭. (൧൭൬) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം ഗവണ്മെണ്ട് പ്രസ്സിലെ ജോലിക്കാർ, പൊതു ഒഴിവുദിവസവും ആഫീസ് സമയവും തിരുവനന്തപുരം ഗവണ്മെണ്ട് പ്രസ്സിലുള്ളതുപോലെ ആക്കികിട്ടുന്നതിനു വല്ല നിവേദനവും സമർപ്പിക്കയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(സി) ഇല്ലെങ്കിൽ അവർക്ക് അനുകൂലമായ കല്പനയുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ, ബി, സി) നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എറണാകുളം ഗവണ്മെണ്ട് പ്രസ്സ് ഫാക്ടറി നിയമങ്ങൾക്ക് വിധേയമാകകൊണ്ട് ടി നിയമങ്ങൾക്ക വിരുദ്ധമല്ലാത്ത വിധത്തിൽ എറണാകുളം പ്രസ്സിലെ ചുരുങ്ങിയ ഒഴിവുദിവസങ്ങളും വർദ്ധിച്ച ജോലിസമയവും പരിഗണിച്ച് ഗവണ്മെണ്ടിൽനിന്നും നിയോഗിച്ചിരുന്ന Press Enquiry Committee ഗവണ്മെണ്ട് പ്രസ്സ് ജീവനക്കാർക്ക് എല്ലാവർക്കും പൊതുവിൽ ൧൦—൨—൧൦ എന്ന വർദ്ധിച്ച ശമ്പളത്തോതു ശുപാർശ ചെയ്തിട്ടുള്ളതിനാലും ചുരുങ്ങിയ ഒഴിവുദിവസങ്ങളും കൂടുതൽ ജോലിസമയവുംകൊണ്ട് മാത്രമെ overtime work-ും overtime allowance-ും ചുരുക്കുവാൻ കഴികയുള്ളുവെന്നതുകൊണ്ടും എറണാകുളം ഗവണ്മെണ്ട് പ്രസ്സിലെ പഴയരീതിയിലുള്ള ഒഴിവുദിവസങ്ങൾ തന്നെ തല്ക്കാലം തുടർന്നുപോയാൽ മതിയെന്ന ഗവണ്മെണ്ട് കല്പനയനുസരിച്ച് എറണാകുളം പ്രസ്സ് ജീവനക്കാരുടെ നിവേദനം പ്രസ്സിന്റെകൂടി ചാർജ്ജുവഹിച്ചിരുന്ന സ്റ്റാമ്പ് സൂപ്രണ്ട് സ്വീകരിക്കുകയുണ്ടായില്ല.

QUESTIONS POSTED FOR ANSWER ON 7TH DECEMBER 1949

ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ

*൨൭൭. (൨) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്ത് എത്ര ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നു എന്നു ദയവായി പറയുമോ;

(ബി) കേന്ദ്രങ്ങളുടെ പ്രവർത്തനം ഗ്രാമീണരായ സാധാരണ ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ഗ്രാമങ്ങളുടെ അഭിവൃദ്ധിതന്നെ രാജ്യത്തിന്റെ പൊതു നന്മയെന്നുള്ള തത്വത്തെക്കരുതി എല്ലാ ഗ്രാമങ്ങളിലും ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനു എത്ര കാലം വേണ്ടിവരുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ൧൭ കേന്ദ്രങ്ങൾ.

(ബി) അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്.

(സി) കഴിയുന്നതും വേഗത്തിൽ എല്ലായിടത്തും വില്ലേജുപഞ്ചായത്തുകൾ ഏർപ്പെടുത്തുന്നതാണ്. ആ പഞ്ചായത്തുകൾ ഗ്രാമോദ്ധാരണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതാണ്.

ഇപ്പോൾ പ്രവർത്തനം നടത്തുന്ന കമ്പനികൾ

*൨൭൮. (൫൯) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മിനറൽസ് കമ്പനികളുടെ ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly